**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1048** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തീകരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷന്റെ ഭാഗമായി നടപ്പാക്കുന്ന വിവിധ കുടിവെള്ള വിതരണ പദ്ധതികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫണ്ടുകൾ ലഭ്യമാക്കി പ്രസ്തുത കുടിവെള്ള വിതരണ പദ്ധതികൾ അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാനതലത്തിൽ വന്ന ഫണ്ടിന്റെ കുറവ് പാലാ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജല ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതിയെ ചെറിയ തോതിൽ ബാധിച്ചിരുന്നു. ഫണ്ട് ലഭ്യമാക്കാനും പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മിഷന്റെ ഭാഗമായി റോഡുകൾ കുഴിച്ച് നടപ്പാക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാത്തതു മൂലം ജനജീവിതം ദുസഹമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജനങ്ങളുടെ ദുരവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ ഈ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ജല ജീവൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട് റോഡുകളുടെ അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് പൈപ്പ് സ്ഥാപിക്കുന്നതിനായി കട്ടിങ് നടത്തിയ റോഡുകളിൽ താൽകാലിക പുനരുദ്ധാരണം സാധ്യമാക്കിയിട്ടുണ്ട്. പ്രവൃത്തികളിലുൾപ്പെട്ട പഞ്ചായത്ത് റോഡുകൾ എല്ലാം തന്നെ പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിന് കരാർ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ